(ബി) എഫ്.എം. നിലയത്തിൽനിന്നും എത്രയുംവേഗം പ്രക്ഷേപണം ആരംഭിക്കുന്നതിനായി കേന്ദ്രസർക്കാരിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തി നടപടികൾ ത്വരിതപ്പെടുത്തുവാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എഫ്.എം. നിലയത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നകാര്യം കേന്ദ്രസർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. പുതിയ തസ്തികകൾ അനുവദിച്ചാലുടൻ ട്രാൻസ്മിറ്റർ കമ്മിഷനിംഗ് ആരംഭിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

94 (1454) സീനിയർ സൂപ്രണ്ടിന്റെ പേരിൽ വിജിലൻസ് അന്വേഷണം

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ ഡയറക്ടറേറ്റിലെ സീനിയർ സൂപ്രണ്ടിന്റെ പേരിൽ ഇ5/5464/94 നമ്പറായി വിജിലൻസ് അന്വേഷണം നടത്തുകയുണ്ടായോ;

(ബി) അന്വേഷണം പൂർത്തിയായിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൻമേൽ എന്ത് നടപടിയെടുത്തുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വിജിലൻസ് പ്രാഥമിക അന്വേഷണം നടത്തുകയുണ്ടായി.

(ബി) പ്രാഥമിക അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്.

(സി) സർക്കാർ നിർദ്ദേശാനുസരണം മൂന്നാർ പോലീസ് ഐ.പി.സി 409, 34 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 82/95 ആയി കേസ്സ് എടുത്തിട്ടുണ്ട്.

95 (1455) വിജിലൻസ് കമ്മിറ്റിയുടെ യോഗം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ എക്സൈസ് വിജിലൻസ് കമ്മിറ്റിയുടെ ഏറ്റവും ഒടുവിലത്തെ യോഗം നടന്നത് എന്നാണ്;

(ബി) ഈ യോഗത്തിൽ പോലീസ് വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ പോലും പങ്കെടുത്തില്ല എന്നകാര്യം സർക്കാർ അന്വേഷിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു; വിശദീകരിക്കുമോ;

(ഡി) ഇതു സംബന്ധിച്ച് കമ്മിറ്റിയുടെ ചെയർമാനായ ജില്ലാ കളക്ടർ സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജില്ലാതല എക്സൈസ് വിജിലൻസ് എന്നൊരു കമ്മിറ്റി നിലവിലില്ല. എന്നാൽ ചാരായനിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി നിലവിലുണ്ട്. ആലപ്പുഴ ജില്ലയിൽ 25-5-99ന് ആണ് ഈ കമ്മിറ്റിയുടെ ഒടുവിലത്തെ യോഗം നടന്നത്.

(ബി),(സി)&(ഡി) ജില്ലാ പോലീസ് സൂപ്രണ്ട് മേൽകമ്മിറ്റിയിൽ അംഗമാണ്. അന്നേ ദിവസം ബഹു. ഇൻഡ്യൻ പ്രസിഡന്റിന്റെ സന്ദർശനം പ്രമാണിച്ച് എറണാകുളത്ത് സ്പെഷ്യൽ ഡ്യൂട്ടിയിൽ ആയതിനാൽ പ്രസ്തുത കമ്മിറ്റിയിൽ പങ്കെടുക്കുവാൻ സാധിച്ചിട്ടില്ല.

96 (1456) ഇൻഡ്യയുടെ ഭൂപടം പ്രസിദ്ധീകരണം

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്തകാലത്ത് സംസ്ഥാനത്തുനിന്ന് പ്രസിദ്ധീകരിച്ചിട്ടുള്ള ഏതെങ്കിലും പ്രസിദ്ധീകരണത്തിൽ കാശ്മീർ വിട്ടുകളഞ്ഞുകൊണ്ട് ഇൻഡ്യയുടെ ഭൂപടം പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതുപ്രസിദ്ധീകരണത്തിൽ എന്ന് വെളിപ്പെടുത്തുമോ;

(സി) ഈ മാസികയുടെ ഓണററി ചീഫ് എഡിറ്റർ ആരാണ്;

(ഡി) ഇതിന്റെ പ്രിന്റർ, പ്രസാധകർ, എഡിറ്റർ എന്നിവർ ആരെല്ലാമാണ്;

(ഇ) ഇവരുടെമേൽ എന്തുനടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ?

ഉത്തരം

(എ) കാശ്മീരിന്റെ ചിലഭാഗങ്ങൾ ഉൾപ്പെടുത്താതെ ഇൻഡ്യയുടെ ഭൂപടം പ്രസിദ്ധീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 'മുസ്ലീം റിവ്യൂ' മാസികയുടെ ജൂൺ ലക്കത്തിൽ.

(സി) അബ്ദുൾ നാസർ മ-ദനി, പി.ഡി.പി. ചെയർമാൻ.

(ഡി) ശ്രീ. ടി.എ. ജമാൽ മുഹമ്മദ്, ലിസർട്ടി ലെയിൻ, അശോക് റോഡ്, കൊച്ചി.

(ഇ) ഇതിനോടനുബന്ധിച്ച് വിവിധ ജില്ലകളിലായി എട്ട് കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

97 (1457) പേഴ്സണൽ സ്റ്റാഫിൽ നേരിട്ടു നിയമനം ലഭിച്ചവർക്ക് പെൻഷൻ

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ നേരിട്ടു നിയമനം ലഭിച്ചവർക്ക് പെൻഷൻ അനുവദിച്ചു സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതെന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly